(എ) കേരളത്തിലെ പഞ്ചായത്ത് ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളും പരിഷ്ക്കരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എതെങ്കിലും സംഘടനകളിൽ നിന്നു ഗവൺമെൻറിന് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ആർ. എസ്. ഉണ്ണി):

(എ) ഉണ്ട്.

(ബി) ജീവനക്കാരുടെ സംഘടനകളുമായി ചർച്ചകളും നടത്തി. ന്യായമായ അവകാശവാദങ്ങളംഗീകരിച്ചു അവ നടപ്പാക്കാൻ നടപടികളും സ്വീകരിച്ചുവരുന്നു.

സർക്കാർ ഭൂമി അവിഹിതമായി പതിച്ചു കൊടുക്കുന്നതായ വാർത്തകളും

* 568 [618] ശ്രീ. മണിമംഗലത്തു കുട്ട്യാലി:

,, ഇ. രമേശൻ നായർ:

,, കെ. ശങ്കരനാരായണൻ:

,, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ:

,, എം. പി. ഗംഗാധരൻ:

,, കെ. കെ. ബാലകൃഷ്ണൻ:

,, എൻ. സുന്ദരൻ നാടാർ:

,, എം. ആർ. രഘുചന്ദ്രബാൽ:

,, എ. പി. ഹംസ:

,, ഇ. അഹമ്മദ്:

,, കെ. കൃഷ്ണൻകുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും, മൽസ്യബന്ധനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഭൂമി അവിഹിതമായി പതിച്ചുകൊടുക്കുന്നതായ വാർത്ത ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് എന്തെങ്കിലും പരാതികൾ ഗവൺമെൻറിന് ലഭിച്ചുവോ;

(സി) ഇങ്ങനെ ആർക്കെല്ലാമാണ് ഭൂമി പതിച്ചുകൊടുക്കാൻ ഉദ്ദേശിക്കുന്നത്;

(ഡി) എത്ര ഏക്കർ സർക്കാർ ഭൂമിയാണ് പതിച്ചു കൊടുക്കാൻ ഉദ്ദേശിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂവും, മൽസ്യബന്ധനവും വകുപ്പുമന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ):

(എ) ഇല്ല.

(ബി) ഇല്ല.

(സി) ഉദിക്കുന്നില്ല.

(ഡി) ഉദിക്കുന്നില്ല.

മൽസ്യോൽപ്പന്നങ്ങളുടെ കയറ്റുമതി

*569 [619] ശ്രീ. ജെ. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും, മൽസ്യബന്ധനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ഫിഷറീസ് കോർപ്പറേഷൻ മൽസ്യോൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യാറുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നു മുതൽ ഇല്ലെങ്കിൽ കാരണമെന്ത്?

റവന്യൂവും, മൽസ്യബന്ധനവും വകുപ്പുമന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ):

(എ) ഉണ്ട്.

(ബി) കോർപ്പറേഷന്റെ രൂപീകരണം മുതൽ (15-6-1966).

മിനി സിവിൽ സ്റ്റേഷൻ

*570 [620] ശ്രീ. പി. കെ. വാസുദേവൻ നായർ:
,, വി. കെ. രാജൻ:
,, എം. കെ. കേശവൻ:
,, സി. എ. കുര്യൻ:
,, കെ. വി. സുരേന്ദ്രനാഥ്:
,, കെ. പി. പ്രഭാകരൻ:
,, ഇ. കെ. പിള്ള:
,, കെ. ടി. കുമാരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും, മൽസ്യബന്ധനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1980-81-ൽ എവിടെയെല്ലാം മിനി സിവിൽ സ്റ്റേഷൻ പണി കഴിപ്പിച്ചിട്ടുണ്ട്;

(ബി) 1981-82ൽ എവിടെയെല്ലാം പണി തുടങ്ങുവാൻ അനുമതി കൊടുത്തിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly